# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2903

11/12/2014-ൽ
മറുപടിയ്ക്ക്

## ഫ്ളെയർ

**ചോദ്യം**

ശ്രീ.സി.പി.മുഹമ്മദ് :
ശ്രീ.സണ്ണി ജോസഫ് :
ശ്രീ.എം.എ.വാഹീദ് :
ശ്രീ.ലൂഡി ലൂയിസ് :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഫ്ളെയർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) | ഫ്ളെയർ എന്ന പദ്ധതിയ്ക്ക് പ്രധാനമായി രണ്ട് ലക്ഷ്യങ്ങൾ ഉണ്ട്.<br>1. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവ്വകലാശാല വകുപ്പുകളിലും പുതിയതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപക പരിശീലനവും അദ്ധ്യാപനത്തിനും റിസർച്ചിലും മികച്ച ദേശീയ, അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ പരിശീലനവും പദ്ധതി പ്രകാരം നല്കുന്നു. ആരംഭ വർഷത്തിൽ (2013-14) ഇതിന്റെ പ്രയോജനം, സർക്കാർ കോളേജുകൾക്കും അഞ്ച് സർവ്വകലാശാലകൾക്കും പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ 2014-15 വർഷത്തിൽ കേരളത്തിലെ എല്ലാ എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അഞ്ച് വർഷത്തിൽ താഴെ സർവ്വീസുള്ളതും ഇനിയും 20 വർഷമെങ്കിലും സർവ്വീസുള്ളവരുമായ യുവ അദ്ധ്യാപകരെയാണ് ഫ്ളെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>2. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | കോളേജുകളിലെ യുവ അദ്ധ്യാപകർക്ക് ഗുരുകുല സമ്പ്രദായ പ്രകാരം പ്രമുഖ അദ്ധ്യാപകരെ പിൻതുടർന്ന് പരിശീലനം നേടാൻ ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ ; | (ബി) | ഫ്ളെയർ ഇന്റേണൽഷിപ്പ് പ്രകാരം യുവ അദ്ധ്യാപകർക്ക് ദേശീയ അന്തർദ്ദേശീയ സ്ഥാപനങ്ങളിലെ അദ്ധ്യപകരോടൊപ്പം പ്രവർത്തിച്ച് അവരുടെ അനുഭവം പങ്കിടാനുള്ള അവസരം ലഭിയ്ക്കുന്നു. പ്രമുഖ അദ്ധ്യാപകരുടെ ക്ലാസ്സുകൾ വീക്ഷിയ്ക്കാനുള്ള അവസരം, അവരുടെ ലബോറട്ടറികളിൽ പ്രവർത്തിയ്ക്കാനുള്ള അവസരം എന്നിവയും ലഭിയ്ക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പരിശീലനം നൽകുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ? | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫ്ളെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി-യുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിയ്ക്കുന്നു. ഫ്ളെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറേയും വർക്ക്-അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. അക്കാദമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകാനുമായി ബാംഗ്ളൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ.എൻ.ജെ.റാവുവിന്റെ നേതൃത്വത്തിൽ ഒൻപതുപേരടങ്ങുന്ന ഒരു പരിശീലക ടീം പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ